**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1469** **19-09-2025 - ൽ മറുപടിയ്ക്ക്**

**തൃക്കാക്കര തെങ്ങോട് ഗവൺമെൻറ് ഹൈസ്കൂൾ കെട്ടിടം സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തൃക്കാക്കര നിയോജക മണ്ഡലത്തിലെ തെങ്ങോട് ഗവൺമെന്റ് ഹൈസ്കൂളിലെ കെ.ജി, എൽ.പി, യു.പി. വിഭാഗം കുട്ടികൾ പഠിക്കുന്ന കെട്ടിടത്തിനോട് ചേർന്ന് കഴിഞ്ഞ കാലവർഷത്തിൽ 20 അടിയോളം താഴ്ചയിൽ മണ്ണിടിഞ്ഞ്, കെട്ടിടത്തിനും പ്രസ്തുത കെട്ടിടത്തിൽ പഠിക്കുന്ന കുട്ടികളുടെയും അധ്യാപകരുടെയും ജീവന് തന്നെ ഭീഷണി നില നിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ് സ്ഥലപരിശോധന നടത്തി സുരക്ഷ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃക്കാക്കര നിയോജക മണ്ഡലത്തിലെ തെങ്ങോട് ഗവൺമെന്റ് ഹൈസ്കൂളിലെ കെ.ജി, എൽ.പി, യു.പി. വിഭാഗം കുട്ടികൾ പഠിക്കുന്ന കെട്ടിടത്തിന് സമീപമുള്ള ഗ്രൗണ്ടിനോട് ചേർന്നുള്ള സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ മണ്ണിടിച്ചിൽ സംഭവിച്ചതിനെ തുടർന്ന് ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നേരിട്ട് സ്ഥലം സന്ദർശിച്ച് സാഹചര്യം വിലയിരുത്തിയിട്ടുണ്ട്. ഈ സ്കൂളിൽ ചുറ്റുമതിൽ ഇല്ലാത്തതും, മണ്ണിന്റെ ഘടന അപകടം ഉണ്ടാക്കുന്നതുമാണ്. |
| (ബി) | മണ്ണിടിഞ്ഞ ഭാഗം സുരക്ഷാഭിത്തി കെട്ടി സുരക്ഷിതമാക്കി സ്കൂൾ കെട്ടിടം സംരക്ഷിക്കുന്നതിനും കുട്ടികളുടെ സുരക്ഷിതമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | നിലവിൽ കുട്ടികളുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി LP, UP വിഭാഗം കുട്ടികളുടെ ക്ലാസുകൾ സ്റ്റേജ്, മുകൾഭാഗത്തുള്ള ക്ലാസ് മുറി, എന്നിവിടങ്ങളിലായി നടത്തിവരുന്നു. പരിശോധനയുടെ ഭാഗമായി 15.07.2025 ൽ ഭൂമി റവന്യൂ വിഭാഗം അളന്ന് തിട്ടപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ മണ്ണിടിച്ചിൽ നടന്ന ഭാഗം PWD പരിശോധിക്കുകയും, പുതിയ നിർമ്മാണം നടത്തുന്നതിനായി എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള പരിശോധനകൾ 22.08.2025 ൽ നടത്തിയിട്ടുമുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ